കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് - ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് ഭവന സമുച്ചയം ബഹുവർഷ പദ്ധതിയായി നിർമ്മിക്കുന്ന പദ്ധതി - കോസ്റ്റ് ഫോർഡ് മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 800 /2018/തസ്വഭവ തിരുവനന്തപുരം, തീയതി, 24/03/2018.

വായന:- 1. വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന്റെ 06/11/2017 ലെ സാധാരണ മീറ്റിംഗിലെ 2/3 നമ്പർ തീരുമാനം

2. വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 108/03/2018 ലെ കത്ത്.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/03/2018 ലെ എൽ.എഫ്. 7/പ്രോജക്ട്/2018 നം. കുറിപ്പ്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന്റെ കൈവശമുള്ള പഴയ സർവ്വേ 103/1 ബി ബ്ലോക്ക് 30-ൽ റീസർവ്വേ 18/19 നമ്പറിൽപ്പെട്ട 08.10 ആർ (ഇരുപത് സെന്റ്) സ്ഥലം, ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന സമുച്ചയം നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്നും, ആയതിന് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും (SCP) നടപ്പ വർഷം 77,00,000/- രൂപ മാറ്റി വച്ചിരിക്കുന്നുവെന്നും, അടുത്ത വർഷങ്ങളിൽ ബാക്കി തുകയും മാറ്റി വച്ച്, കോസ്റ്റ് ഫോർഡിനെ കൊണ്ട് പണിചെയ്യുന്നതിന് അനുമതി നൽകണമെന്നും വായന (1) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായന (2) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂർത്തീകരിക്കാത്ത പട്ടിജാതി വീടുകൾ പൂർത്തിയാക്കിയതിന് ശേഷം, ലൈഫ് മിഷൻ ലിസ്റ്റിൽപ്പെട്ട എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഗുണഭോക്താക്കൾക്കും വിഹിതം നൽകിയതിനു ശേഷം താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ബഹുവർഷ പദ്ധതിയായി പട്ടികജാതിക്കാർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനും പ്രസ്തുത പദ്ധതി, അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ് മുഖാന്തിരം നടപ്പിലാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

i. ഒരു ഭവന യൂണിറ്റിന്റെ നിർമ്മാണ ചിലവ് 10.5 ലക്ഷം രൂപയിൽ അധികരിക്കരുത്.

ii. ഒരു ഭവന യൂണിറ്റിന്റെ വിസ്തീർണ്ണം 40 m2 ആയിരിക്കണം (Carpet area).

iii. ലൈഫ് മിഷൻ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടകജാതി

ഗുണഭോക്താക്കളെ പരിഗണിക്കേണ്ടതാണ്.

iv. ഭവനത്തിന്റെ നിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കണം

v. ലൈഫ് മിഷനിൽ നിന്ന് ആവശ്യമായ ടെക്നിക്കൽ സാങ്ഷൻ പോലെയുള്ള മറ്റു സഹായങ്ങൾ ലൈഫ് മാനദണ്ഡം അനുസരിച്ച് നൽകാവുന്നതാണ്.

vi. എംപാനൽഡ് ഏജൻസികൾക്ക് നേരിട്ട് വർക്ക് കൊടുക്കുമ്പോൾ നിലവിലുള്ള നടപടിക്രമങ്ങൾക്ക് ബാധകമായേ ഏൽപ്പിക്കാവൂ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ